പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *512 | 06/07/2012-ൽ മറുപടിക്ക്

## മൃഗശാലകളുടെ വിപുലീകരണം

ചോദ്യം

ശ്രീ. വർക്കല കഹാർ
ശ്രീ. ജോസഫ് വാഴക്കൻ
ശ്രീ. പി.എ. മാധവൻ
ശ്രീ. റ്റി.എൻ. പ്രതാപൻ

ഉത്തരം

കുമാരി. പി.കെ. ജയലക്ഷ്മി
(ബഹു.പട്ടികവർഗ്ഗക്ഷേമവും യുവജന കാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മൃഗശാലകളുടെ വിപുലീകരണത്തിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത് ; | (എ) | മൃഗശാലയുടെ നവീകരണത്തിനായി താഴെ പറയുന്ന കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്. മൃഗശാലയുടെ നടത്തിപ്പും ആരോഗ്യപരിപാലനവും ശക്തിപ്പെടുത്തുന്നതിനായി തമിഴ് നാട് വെറ്റിനറി യൂണിവേഴ്സിറ്റി ചെന്നൈയിലെ മുൻ വന്യ ജീവി വകുപ്പ് തലവൻ ഡോ.മാത്യു.സി. ജോൺ, ഡോ.മണിമൊഴി, (ബയോളജിസ്റ്റ്, അരിഗ്നാർ അന്നാസുവോളജിക്കൽ പാർക്ക്, ചെന്നൈ), ഡോ.സുരേഷ് കുമാർ,(ചാമരാജേന്ദ്ര സുവോളജിക്കൽ ഗാർഡൻ, മൈസൂർ) എന്നിവരടങ്ങുന്ന ഒരു പഠന സംഘത്തെ സർക്കാർ നിയോഗിച്ചു. അവരുടെ ശുപാർശ അനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നു. ശുപാർശകളും നടപടികളും അനുബന്ധമായി ചേർക്കുന്നു.<br>ഒരു വെറ്റിനറി സർജനെ കൂടി നിയമിക്കുന്നതിനും ബയോളജിസ്റ്റ്, പബ്ലിക് റിലേഷൻ ഓഫീസർ, ലാബ് ടെക്നീഷ്യൻ, ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുന്നതും പരിശോധിച്ചു വരുന്നു. |

| | | | |
|---|---|---|---|
| | | | തിരുവനന്തപുരം മൃഗശാലയിലെ പുതുക്കിയ മാസ്റ്റർ പ്ലാൻ 06/09/2011 ന് കേന്ദ്ര മൃഗശാലാ അതോറിറ്റിയ്ക്ക് നൽകിയിരുന്നു. ചില ഭേദഗതികളോടെ പുതുക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി 22/06/2012 ന് കൂടിയ യോഗത്തിൽ താൽക്കാലികമായി അംഗീകരിച്ചിട്ടുണ്ട്. മാസ്റ്റർ പ്ലാൻ പ്രകാരം മൃഗശാലയുടെ തുടർന്നുള്ള വിപുലീകരണം നടത്തുന്നതാണ്. |
| (ബി) | ഇത് സംബന്ധിച്ച് കേന്ദ്രസംഘം നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ എങ്കിൽ വിശദമാക്കമോ ; | (ബി) & (സി) | തിരുവനന്തപുരം മൃഗശാലയുടെ ഭാവി വികസനം രൂപപ്പെടുത്തും വിധത്തിൽ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് കേന്ദ്ര മൃഗശാലാ അതോറിറ്റി നിർദ്ദേശിച്ചിരുന്നു. അതനുസരിച്ച് മൃഗശാലയിലെ കർമ്മപദ്ധതി വിശകലനം ചെയ്യുന്നതിനായി 07/06/2012 ന് കേന്ദ്ര മൃഗശാലാ അതോറിറ്റി മെമ്പർ സെക്രട്ടറി ബി.എസ്.ബൊണാൽ ഐ.എഫ്.എസ്, റിട്ട.മെമ്പർ സെക്രട്ടറി എസ്.സി. ശർമ്മ,അതോറിറ്റി ഇവാല്യവേഷൻ ഓഫീസർ, ഡോ.ബ്രിജ് കിഷോർ ഗുപ്ത എന്നിവരടങ്ങുന്ന കേന്ദ്രസംഘം തിരുവനന്തപുരം മൃഗശാലാ സന്ദർശിച്ചു. പക്ഷി മൃഗാദികളെ പശ്ചിമഘട്ടം, ആഫ്രിക്കൻ, വിദേശയിനം എന്നീ മൂന്ന് വിഭാഗങ്ങളായി തിരിക്കുന്നതിന് നിർദ്ദേശിച്ചു.<br>22/06/2012 ന് ഡൽഹിയിലെ കേന്ദ്ര മൃഗശാലാ അതോറിറ്റിയ്ക്ക് മുൻപാകെ നടന്ന വിദഗ്ദരുടെ കമ്മിറ്റി നൽകിയ നിർദ്ദേശങ്ങളും, ശുപാർശകളും ചുവടെ ചേർക്കുന്നു.<br><br>1. പശ്ചിമഘട്ട മേഖലയിലെ ജീവികൾ ഒരേ ഭാഗത്ത് വരത്തക്ക രീതിയിൽ ക്രമീകരിക്കുന്നതിന്റെ ഭാഗമായി നിലവിലുള്ള രാജവെമ്പാല കൂടിന്റെ ഭാഗം ഇന്ത്യൻ കാട്ടുപോത്തിനുള്ള ആവാസസ്ഥലമാക്കുക.<br>2. മൂങ്ങകൾക്ക് നിർമ്മിക്കുന്ന കൂട് ചെറുതാക്കി ബാക്കി സ്ഥലം പച്ചപ്പായി നിലനിർത്തുക.<br>3. തിരുവനന്തപുരം മൃഗശാലയിലുള്ള കഴുകനെ നന്ദകാനൻ മൃഗശാലയിലേയ്ക്ക് മാറ്റുക.<br>4. നിലവിലുള്ള കണ്ണട മുതല, മീൻ മുതല എന്നിവയുടെ ആവാസ സ്ഥലം birds of prey യുടെ കൂട്ടമായി ചേർത്ത് വലുതാക്കണം. |
| (സി) | നിർദ്ദേശത്തിൽ പറഞ്ഞിട്ടുള്ള പ്രധാന കാര്യങ്ങൾ എന്തെല്ലാം ; | | |

| | | | |
|---|---|---|---|
| | | | ൦. കുറുക്കൻ, കഴുതപ്പുലി എന്നിവയുടെ കൂടുകൾ കടുവയുടെ ആവാസ സ്ഥലത്തിനടുത്ത് നിർമ്മിക്കുക.<br>7. ജാഗ്വാറിന്റെയും, ജിറാഫിന്റെയും ആവാസ സ്ഥലത്തിന്റെ വിസ്തൃതി കൂട്ടുക.<br>8. പുള്ളിമാൻ, മ്ലാവ് എന്നിവയുടെ അടുത്തായി ബംഗാൾ കുരങ്ങന് വേണ്ടി ആവാസ സ്ഥലം നിർമ്മിക്കുക.<br>9. പുള്ളിമാന്റെ കൂടിന് മുൻവശത്ത് മരങ്ങളും ചെടികളും നട്ടു പിടിപ്പിക്കുക.<br>10. ബട്ടർഫ്ളൈ പാർക്കിന് സമീപം നീലക്കാളയ്ക്കും, കേഴമാനും ആവാസ സ്ഥലം നിർമ്മിക്കുക.<br>11. പാമ്പിൻ കൂടിന് സമീപം മരങ്ങളും, ചെടികളും വച്ച് പിടിപ്പിച്ച് മനോഹരമാക്കുക.<br>12. രാജവെമ്പാല കൂട് ഇന്ത്യൻ കാട്ടുപോത്തിനായുള്ള ആവാസ സ്ഥലമാക്കുകയും, രാജവെമ്പാലയെ പാമ്പിൻ കൂട്ടിലേയ്ക്ക് മാറ്റുകയും ചെയ്യുക.<br>13. നിലവിലുള്ള ആർട്ട് ഗ്യാലറി മൃഗശാലാ ഭാഗത്ത് നിന്നും മാറ്റി പുതിയ സ്ഥലത്ത് സ്ഥാപിക്കുകയും, പ്രസ്തുത കെട്ടിടം വന്യമൃഗ മേഖലയിൽ അറിവും, വിജ്ഞാനവും നൽകുന്ന കേന്ദ്രമാക്കി മാറ്റുകയും ചെയ്യുക. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ? | (ഡി) | തിരുവനന്തപുരം മൃഗശാലയുടെ വിപുലീകരണത്തിനായി തയ്യാറാക്കിയ മാസ്റ്റർ പ്ലാൻ കേന്ദ്ര മൃഗശാലാ അതോറിറ്റി ചില നിർദ്ദേശങ്ങളോടെ തത്വത്തിൽ അംഗീകരിച്ചു. പ്രസ്തുത മാസ്റ്റർ പ്ലാനിൽ കേന്ദ്രസംഘം നിർദ്ദേശിച്ച പ്രകാരം പശ്ചിമഘട്ടം, ആഫ്രിക്കൻ, വിദേശയിനം എന്നീ മൂന്ന് വിഭാഗങ്ങളിലായി പക്ഷി മൃഗാദികളെ തരം തിരിച്ച് മൃഗങ്ങളുടെ ആവാസസ്ഥലങ്ങളിൽ മാറ്റം വരുത്തി കേന്ദ്ര സംഘത്തിന് അയച്ചു കൊടുത്തു. കേന്ദ്ര മൃഗശാലാ അതോറിറ്റി അംഗീകരിച്ചാലുടൻ നടപടികൾ സ്വീകരിക്കുന്നതാണ്. മൃഗശാല<br>യിലെ മ്ലാവ്, മാനുകൾ എന്നിവയുടെ വർദ്ധനവ് |

| | | | |
|---|---|---|---|
| | | | നിയന്ത്രിക്കുന്നതിനും അധികമായുള്ളവയെ ഏതെങ്കിലും റെസ്ക്യൂ സെന്ററിലേയ്ക്ക് മാറ്റണമെന്നുമുള്ള കേന്ദ്ര സംഘത്തിന്റെ നിർദ്ദേശമനുസരിച്ച് വംശവർദ്ധനവ് നിയന്ത്രിക്കുന്നതിന് വേലി കെട്ടി ആണിനെയും പെണ്ണിനെയും വേർതിരിക്കുന്നതിനും അധികമായുള്ളവയെ റെസ്ക്യൂ ഹോമിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.